## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം
തീയതി: 06.05.2013

ഉത്തരവ് നം. ഇ11 - 16301/13

വിഷയം: സാമൂഹ്യ നീതി വകുപ്പ് - 'തെരുവു വെളിച്ചം പദ്ധതി' - ശ്രീ. രവീന്ദ്രൻപിള്ള, സൂപ്രണ്ട്, ആശാ ഭവൻ (പുരുഷന്മാർ) എറണാകുളം താത്കാലിക ചുമതല നൽകി ഉത്തരവ് പുറപ്പടുവിക്കുന്നു.

പരാമർശം: അനൗദ്യോഗിക കുറിപ്പ് നമ്പർ ജി4/28129/12 തീയതി 25.04.2013.

തെരുവോര മക്കളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് 'തെരുവു വെളിച്ചം പദ്ധതി' എറണാകുളം ജില്ലയിലെ കാക്കനാടിലെ റെസ്ക്യൂ ഹോമിൽ 06.5.2013 മുതൽ നടപ്പിലാക്കുവാൻ എറണാകുളം തെരുവോര പ്രവർത്തക അസോസിയേഷൻ എന്ന സംഘടനയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള സ്ഥാപനത്തിൽ ആരംഭിക്കുന്ന ടി പദ്ധതിയ്ക്ക് മേൽനോട്ടം വഹിയ്ക്കുവാൻ എറണാകുളം ആശാ ഭവൻ (പുരുഷന്മാർ) സൂപ്രണ്ടിന് താല്ക്കാലിക ചുമതല നൽകുവാൻ പരാമർശ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എറണാകുളം റെസ്ക്യൂ ഹോമിൽ പ്രവർത്തനമാരാംഭിക്കുന്ന 'തെരുവു വെളിച്ചം പദ്ധതി' യുടെ നടത്തിപ്പുകാലത്ത് സാമൂഹ്യ നീതി വകുപ്പിന്റെ ഭാഗത്തു നിന്നുമുള്ള ഏകോപന പ്രവർത്തനങ്ങൾക്കും മേൽനോട്ടത്തിനായി ശ്രീ. രവീന്ദ്രൻപിള്ള. R, സൂപ്രണ്ട്, ആശാ ഭവൻ (പുരുഷന്മാർ) എറണാകുളം - നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

ശ്രീ. രവീന്ദ്രൻപിള്ള. R
സൂപ്രണ്ട്,
ആശാ ഭവൻ (പുരുഷന്മാർ)
എറണാകുളം.

പകർപ്പ്:

1) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ജില്ലാ സാമൂഹ്യ നീതി ഓഫീസർ, എറണാകുളം.
3) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

PS/

GOVERNMENT OF KERALA